SET - 1

**INDIAN SCHOOL SOHAR**
**PERIODIC ASSESSMENT – 1 (2019-20)**
**MALAYALAM**

**CLASS: IX** **MAX. MARKS: 15**
**DATE: 13/05/2019** **DURATION: 45 MINS**

---

**1. ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (2)

ഇന്ത്യയെ അറിഞ്ഞ ഉത്തമനായ രാജ്യസ്നേഹിയായിരുന്നു ജവഹർലാൽ നെഹ്റു. സ്വാതന്ത്ര്യസമരസേനാനി, രാഷ്ട്രതന്ത്രജ്ഞൻ എന്നീ നിലകളിൽ മാത്രമല്ല, പ്രതിഭാശാലിയായ ഒരു എഴുത്തുകാരൻ എന്ന നിലയിലും അദ്ദേഹം പ്രശസ്തിയാർജ്ജിച്ചിരുന്നു. നെഹ്റുവിന്റെ പുസ്തകങ്ങൾ ജയിലിൽ വച്ചു രചിക്കപ്പെട്ടവയാണ്. തന്റെ മകളായ ഇന്ദിരക്ക് പ്രപഞ്ചോൽപ്പത്തിക്കുറിച്ചുള്ള അറിവു പകർന്നു കൊടുത്ത 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' വളരെ പ്രാധാന്യമർഹിക്കുന്നു. ഗാന്ധിജി നെഹ്റുവിന്റെ കത്തിനെ ഹൃദയസ്പർശിയെന്നു വിലയിരുത്തിയത് അദ്ദേഹത്തിനു ലഭിച്ച അംഗീകാരമാണ്. നെഹ്റുവിന്റെ വലിയ പുസ്തകങ്ങളിലൊന്നാണ് 'വിശ്വചരിത്രാവലോകനം'. ക്വിറ്റിന്ത്യാസമരകാലത്ത് ജയിലിൽ വച്ചാണ് ഈ കൃതി എഴുതിയത്. ലോകചരിത്രപശ്ചാത്തലത്തിൽ ഇന്ത്യയെ അടുത്തുകാണുവാൻ ഈ പുസ്തകം സഹായിക്കുന്നു. ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ സൗന്ദര്യാത്മകമായി ആവിഷ്കരിച്ചിരിക്കുന്ന മറ്റൊരു കൃതിയാണ് 'ഇന്ത്യയെകണ്ടെത്തൽ'. ഗ്രാമഭംഗി, പച്ചപ്പിന്റെ സൗന്ദര്യം, മഴക്കാലം, മഹാനദികൾ, ഹിമാലയം, കാശ്മീർമലനിരകൾ, കൊച്ചരുവികൾ എന്നിവ നിറഞ്ഞ ഇന്ത്യയുടെ ഭംഗി ഈ കൃതിയിൽ കാണാം.

a) ഗാന്ധിജി നെഹ്റുവിന്റെ കത്തിനെ വിലയിരുത്തിയത് എങ്ങനെ?

b) ക്വിറ്റിന്ത്യാ സമരകാലത്ത് ജയിലിൽ വച്ച് എഴുതിയ കൃതി?

c) 'ഇന്ത്യയെകണ്ടെത്തൽ' എന്നകൃതിയിൽ വിവരിച്ചിരിക്കുന്നതെന്തെല്ലാം?

d) നെഹ്റുവിന്റെ പുസ്തകങ്ങൾ എവിടെവച്ച് രചിക്കപ്പെട്ടവയാണ്?

**2. ശരിയായ ഉത്തരം എഴുതുക**

a) 'കാള' എന്ന പദത്തിന്റെ പര്യായപദങ്ങൾ എഴുതുക (1)

b) അർത്ഥവ്യത്യാസം എഴുതുക വ്യഥ – വൃഥാ (1)

c) പിരിച്ചെഴുതി സന്ധിപറയുക – കാര്യങ്ങൾ (1)

d) 'നന്ദി' എന്നപദത്തിന്റെ നാനാർത്ഥങ്ങൾ എഴുതുക (1)

**3. വാക്യത്തിലെ തെറ്റുതിരുത്തുക** (1)

പ്രകാശപൂർണ്ണമായ ഒരു മന്ദഹാസത്തോടെ പുഞ്ചിരിച്ചുകൊണ്ട് അനുഭാവപൂർവം തലകുലുക്കുക മാത്രമാണ് വാസുദേവൻ ചെയ്തത്

**4. ഉത്തരമെഴുതുക**

a) നദി സിദ്ധാർത്ഥനു പകർന്നു നൽകിയ അറിവുകൾ എന്തെല്ലാമായിരുന്നു? (4)

b) 'ബാല്യത്തിൽത്തന്നെ പരിസരം മറന്ന് ധ്യാനത്തിൽ ലയിച്ചിരിക്കുക എന്നത് ബിലേയുടെ രീതിയായിരുന്നു'– ഉദാഹരണസഹിതം വിശദമാക്കുക (4)

*****************

**SET - 2**

**INDIAN SCHOOL SOHAR**
**PERIODIC ASSESSMENT – 1 (2019-20)**
**MALAYALAM**

**CLASS: IX** **MAX. MARKS: 15**
**DATE: 13/05/2019** **DURATION: 45 MINS**

---

**1. ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (2)

ഇന്ത്യയെ അറിഞ്ഞ ഉത്തമനായ രാജ്യസ്നേഹിയായിരുന്നു ജവഹർലാൽനെഹ്റു. സ്വാതന്ത്ര്യസമരസേനാനി, രാഷ്ട്രതന്ത്രജ്ഞൻ എന്നീ നിലകളിൽ മാത്രമല്ല, പ്രതിഭാശാലിയായ ഒരു എഴുത്തുകാരൻ എന്ന നിലയിലും അദ്ദേഹം പ്രശസ്തിയാർജ്ജിച്ചിരുന്നു. നെഹ്റുവിന്റെ പുസ്തകങ്ങൾ ജയിലിൽ വച്ചു രചിക്കപ്പെട്ടവയാണ്. തന്റെ മകളായ ഇന്ദിരക്ക് പ്രപഞ്ചോൽപ്പത്തിക്കുറിച്ചുള്ള അറിവു പകർന്നു കൊടുത്ത 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' വളരെ പ്രാധാന്യമർഹിക്കുന്നു. ഗാന്ധിജി നെഹ്റുവിന്റെ കത്തിനെ ഹൃദയസ്പർശിയെന്നു വിലയിരുത്തിയത് അദ്ദേഹത്തിനു ലഭിച്ച അംഗീകാരമാണ്. നെഹ്റുവിന്റെ വലിയ പുസ്തകങ്ങളിലൊന്നാണ് 'വിശ്വചരിത്രാവലോകനം'. ക്വിറ്റിന്ത്യാസമരകാലത്ത് ജയിലിൽ വച്ചാണ് ഈ കൃതി എഴുതിയത്. ലോകചരിത്രപശ്ചാത്തലത്തിൽ ഇന്ത്യയെ അടുത്തുകാണുവാൻ ഈ പുസ്തകം സഹായിക്കുന്നു. ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ സൗന്ദര്യാത്മകമായി ആവിഷ്കരിച്ചിരിക്കുന്ന മറ്റൊരു കൃതിയാണ് 'ഇന്ത്യയെകണ്ടെത്തൽ'. ഗ്രാമഭംഗി, പച്ചപ്പിന്റെ സൗന്ദര്യം, മഴക്കാലം, മഹാനദികൾ, ഹിമാലയം, കാശ്മീർമലനിരകൾ, കൊച്ചരുവികൾ എന്നിവ നിറഞ്ഞ ഇന്ത്യയുടെ ഭംഗി ഈ കൃതിയിൽ കാണാം.

a) നെഹ്റു, മകളായ ഇന്ദിരക്ക് അയച്ച കത്തുകളിൽ വിവരിക്കുന്നത് എന്തിനെക്കുറിച്ചാണ്?

b) 'വിശ്വചരിത്രാവലോകനം' എഴുതിയത് എപ്പോൾ? എവിടെവച്ച്?

c) 'ഇന്ത്യയെകണ്ടെത്തൽ' എന്നകൃതിയിൽ വിവരിച്ചിരിക്കുന്നതെന്തെല്ലാം?

d) നെഹ്റുവിന്റെ കത്തിനെ ഗാന്ധിജി വിലയിരുത്തിയത് എങ്ങനെ?

**2. ശരിയായ ഉത്തരം എഴുതുക**

a) 'നദി 'എന്നപദത്തിന്റെ പര്യായപദങ്ങൾ എഴുതുക (1)

b) അർത്ഥവ്യത്യാസം എഴുതുക ക്ഷണം-ക്ഷണനം (1)

c) പിരിച്ചെഴുതി സന്ധി പറയുക – കാലത്തെ (1)

d) 'ഉത്തരം'എന്ന പദത്തിന്റെ നാനാർത്ഥങ്ങൾ എഴുതുക (1)

**3. വാക്യത്തിലെ തെറ്റുതിരുത്തുക** (1)

അയാളെക്കൊണ്ട് സംസാരിപ്പിക്കുന്നതിൽ ചുരുക്കം ചിലപ്പോഴൊഴികെ സിദ്ധാർത്ഥൻ പരാജയപ്പെട്ടു തോൽവി സമ്മതിച്ചു

**4. ഉത്തരമെഴുതുക**

a) 'എങ്ങനെ കാതോർക്കണമെന്ന് അയാൾക്കറിയാമായിരുന്നു' – വാസുദേവനെക്കുറിച്ച് സിദ്ധാർത്ഥന് ഇങ്ങനെ തോന്നാൻ കാരണന്ത്? (4)

b) നരേന്ദ്രനും കൂട്ടുകാരും 'സിറാപീസ്' എന്ന കപ്പൽ കാണാനിടയായതെങ്ങനെ? (4)

********************